പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1585 — 06.03.2020 -ലെ മറുപടിക്ക്

**ശാരീരിക വൈകല്യമുള്ള ജീവനക്കാരെ ഒഴിവാക്കാൻ നടപടി**

ചോദ്യം

ശ്രീ.എം.സി.കമറുദ്ദീൻ
" പാറക്കൽ അബ്ദുല്ല
" സി.മമ്മൂട്ടി
" എം.ഉമ്മർ

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിലെ ശാരീരിക വൈകല്യമുള്ള ജീവനക്കാരെ ഒഴിവാക്കാൻ ആലോചനയുണ്ടോ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി യിലെ ശാരീരിക വൈകല്യമുള്ള ജീവനക്കാരെ ഒഴിവാക്കാൻ ആലോചനയില്ല.<br>അതീവ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കെ.എസ്.ആർ.റ്റി.സി യ്ക്ക് കൂടുതൽ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതാണെങ്കിലും ജോലിയിലിരിക്കെ ശാരീരിക ബുദ്ധിമുട്ടുകൾമൂലം തുടർന്നും അതേ ജോലി ചെയ്യുവാൻ കഴിയാത്തവരുടെ നിയമപരമായ അവകാശങ്ങൾക്ക് ശാശ്വത പരിഹാരം കാണേണ്ടതിന്റെ ആവശ്യകത 31-1-2020 ൽ ചേർന്ന 403-മത് ഭരണസമിതി വിശദമായി ചർച്ച ചെയ്യുകയും ശാരീരിക വൈകല്യമുള്ള ജീവനക്കാർക്ക് സ്വയം വിരമിക്കൽ /ഇൻവാലിഡ് പെൻഷൻ പോലുള്ള പദ്ധതി തയ്യാറാക്കുവാൻ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അപ്രകാരം നടപടികൾ സ്വീകരിക്കുമ്പോൾ കരുതേണ്ട നിയമ സാധുതകൾ സാമ്പത്തിക ലഭ്യത മുതലായവ പരിശോധിച്ച് നിയമാനുസൃതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇവരെ ഒഴിവാക്കുന്നതിന്റെ ഭാഗമായി നിർബന്ധ വി.ആർ. എസ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | | |
| (സി) | വി. ആർ. എസ്-നുപകരം തസ്തികമാറ്റം അനുവദിക്കുന്ന കാര്യം പരിശോധിക്കാമോ? | (സി) | ശാരീരിക വൈകല്യമുള്ള ജീവനക്കാർ തസ്തികമാറ്റത്തിനായി അപേക്ഷ സമർപ്പിക്കുന്നത് ടി ആളുകൾ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന വൈകല്യത്തിന്റെ നിജസ്ഥിതി ബോധ്യപ്പെടുന്നതിലേക്കായി ബന്ധപ്പെട്ട മെഡിക്കൽ ബോർഡിന് അപേക്ഷയും അനുബന്ധരേഖകളും അയച്ചു കൊടുക്കുകയും അവിടെ നിന്നും ലഭിക്കുന്ന |

| | | | |
|---|---|---|---|
| | | | റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റിയും ഒഴിവും കൂടി പരിഗണിച്ച് മാത്രമേ തസ്തിക മാറ്റം അനുവദിക്കാറുള്ളൂ. നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കൂടുതൽ ജീവനക്കാർക്ക് തസ്തിക മാറ്റം നൽകുന്നത് കോർപ്പറേഷന് കൂടുതൽ സാമ്പത്തിക ബാധ്യത വരുത്തുന്നതാണ്. സാമ്പത്തിക പരാധീനത നിമിത്തം ചില അപേക്ഷകൾ തീർപ്പാക്കാതെ പരിഗണനയിലുമാണ്. |

**സെക്ഷൻ ഓഫീസർ**